LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

അടിസ്ഥാന സൗകര്യവികസനം നടന്ന വിദ്യാലയങ്ങൾ

16 (6981) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കും എന്ന സർക്കാർ തീരുമാനത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം നടന്ന വിദ്യാലയങ്ങൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് ഏതെല്ലാം ഫണ്ടുകളാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ

17 (6982) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുകയും ഇംഗ്ലീഷ് മീഡിയം വിഭാഗങ്ങൾ ശക്തിപ്പെടുത്തുകയും അനാവശ്യ സമരങ്ങളെ ഒഴിച്ചു നിർത്തുകയും ചെയ്താൽ ഇനിയും കൂടുതൽ നേട്ടങ്ങൾ ഈ മേഖലയ്ക്ക് നേടാൻ കഴിയുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന് അനുസൃതമായ കൂടുതൽ നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനനുസൃതമായി നിരവധി പരിപാടികൾ വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കി വരുന്നുണ്ട്. എസ്.എസ്.എ., ആർ.എം.എസ്.എ പദ്ധതികൾ വഴി സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷാ പഠനം ഇപ്പോൾ ഒന്നാം ക്ലാസ്സ് മുതൽ നിലവിലുണ്ട്. ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷനും അനുവദിക്കുന്നുണ്ട്.